Draft #1 of File 7512/AD A3/1/2019/AD A 8 Approved by ASSISTANT REGISTRAR I ADMINISTRATION on 17-Apr-2019 12:41 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: ജീവനക്കാർക്ക് സാലറി സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർ- I (ഫിനാൻസ്)-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 1648/AD A 3/2019/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 17.04.2019

---

പരാമർശം:-1.19.03.2019 തീയതിയിലെ എ.ഡി .എ 10/2/06/2017 നമ്പർ ബാധ്യതാരഹിത സാക്ഷ്യപത്രം

**ഉത്തരവ്**

മേൽ പരാമർശപ്രകാരം പ്രസിദ്ധീകരിച്ച ബാധ്യതാരഹിത സാക്ഷ്യപത്രം അനുസരിച്ച് 28.02.2019 തീയതിയിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.പെണ്ണമ്മ കെ.ടി- ക്ക് തിരിച്ചടവ് ശേഷിക്കുപരിയായ തുക ബാധ്യതയുള്ളതായി വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ എസ്.ബി.ഐ, എം.ജി.യു ക്യാംപസ് ബ്രാഞ്ച് ഭവനവായ്പ ഒഴികെയുള്ള മറ്റ് ബാധ്യതകൾ ടിയാളുടെ ഡി.സി.ആർ.ജി-യിൽ നിന്നോ പ്രതിമാസ പെൻഷൻ, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയിൽ നിന്നോ റിക്കവറി ചട്ടങ്ങൾക്കനുസൃതമായി ഈടാക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. സർവകലാശാല പലപ്പോഴായി നൽകിയ സാലറി സർട്ടിഫിക്കറ്റുകളുടെയും അണ്ടർടേക്കിങ്ങിന്റെയും ഫലമായിട്ടാണ് ഇത്രയും വായ്പകൾ ടിയാൾക്ക് അനുവദിക്കാനിട വന്നിട്ടുള്ളത്. ആയതിനാൽ കുടിശ്ശിക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടയ്ക്കേണ്ട ബാധ്യത സർവ്വകലാശാലയ്ക്കുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഒരാളുടെ തിരിച്ചടവ് ശേഷിക്ക് ഉപരിയായി വിവിധ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനായി സാലറി സർട്ടിഫിക്കറ്റുകൾ അനുവദനീയമായ എണ്ണത്തിൽ കൂടുതൽ നല്കിയിട്ടുണ്ടെങ്കിൽ അപ്രകാരം നൽകുവാനുണ്ടായ സാഹചര്യത്തെക്കുറിച്ചും, ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ഉണ്ടാകുന്നത് എങ്ങനെ തടയാം എന്നതിനെ സംബന്ധിച്ചും പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർ - I (ഫിനാൻസ്)-നെ ചുമതലപ്പെടുത്തി രജിസ്ട്രാർ(i /c) ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മനോജ് കുമാർ .കെ. എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡെപ്യൂട്ടി രജിസ്ട്രാർ - I (ഫിനാൻസ്)
2. വി.സി-യുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ എഫ്.ഒ / സി.ഇ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ.
4. എ.ആർ/ ഡി.ആർ/ ജെ.ആർ ( ഭരണം/ ധനകാര്യം/ പരീക്ഷ)
5. എ.ഡി.സി I , II, III / എഫ്.സി.സി / ഐ.ക്യൂ.എ.സി / സി.എം.എസ്
6. ജെ.ഡി., കെ.എസ്.എ.ഡി / ഓഡിറ്റ് V / ഫിനാൻസ് I,IV.
7. റിക്കാർഡ്സ് സെക്ഷൻ/ സ്റ്റോക്ക് ഫയൽ.

Draft #1 of File 7512/AD A3/1/2019/AD A 8 Approved by ASSISTANT REGISTRAR I ADMINISTRATION on 17-Apr-2019 12:41 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം